**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 177** **22-07-2021 - ൽ മറുപടിയ്ക്ക്**

**സംരംഭകസൗകര്യസൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോർപ്പറേറ്റുകൾക്ക് പ്രാധാന്യം നൽകുന്ന കേന്ദ്രനയത്തിന്റെ ന്യൂനതകളിൽ നിന്ന് സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ചെറുകിട -ഇടത്തരം വ്യവസായങ്ങളെ സംരക്ഷിയ്ക്കുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1)സംരംഭക സഹായ പദ്ധതി 2)നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3)ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് 4)പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. a.Revival and rehabilitation scheme for defunct MSMEs and cashew processing units b.The Kerala stressed MSMEs Revival & Rehabilitation Scheme 5)കോവിഡ് 19 കാരണം പ്രതി സന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 6)കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | തൊഴിൽസാദ്ധ്യത ഏറിയതും പരിസ്ഥിതി നാശം കുറഞ്ഞതുമായ പരമ്പരാഗത മേഖലയെ നവീകരിച്ച് മത്സരക്ഷമത ഉയർത്താനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി),കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ,കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെല്പാം) എന്നീ |

| | | | |
|---|---|---|---|
| | | | സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതാതു മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ച് വരുന്നു. സർക്കാർ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനമൊരുക്കുക, വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിക്കുക എന്നിവയ്ക്ക് പുറമേ ഉൽപ്പന്നങ്ങൾ കാലാനുസൃതമായി നവീകരിച്ച് മത്സര ക്ഷമത ഉയർത്തുന്നത് ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br>മേൽപ്പറഞ്ഞ വിധത്തിൽ സംസ്ഥാനതല സ്ഥാപനങ്ങൾ വഴി മേഖലയെ സഹായിക്കുന്നതോടൊപ്പം സർക്കാർ നേരിട്ടും ഇടപെടുന്നുണ്ട്. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പേരിൽ ഒരു പദ്ധതി നടന്നു വരുന്നു. അത് പ്രകാരം കരകൗശല മേഖലയിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40% തുക, പരമാവധി രണ്ട് ലക്ഷം രൂപ ഗ്രാന്റായി നൽകുന്നു.പട്ടിക ജാതി/പട്ടിക വർഗ്ഗ /വനിത സംരംഭകർക്ക് ധന സഹായത്തിന്റെ പരിധി 3 ലക്ഷം രൂപയാണ്. പരമ്പരാഗത/കരകൗശല ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ പരമ്പരാഗത മേഖലയുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായും ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിധ്യവൽക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തികൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | സംരംഭക സൗകര്യ സൂചികയിൽ കേരളത്തെ കൂടുതൽ മുന്നിലെത്തിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിന്റെ 2020-ലെ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് 301 ദൗത്യങ്ങളാണ് സംസ്ഥാനങ്ങളോട് പൂർത്തീകരിക്കാൻ നിർദേശിച്ചിരുന്നത്. ഇവയിൽ 47 ദൗത്യങ്ങൾ കേരള സംസ്ഥാനത്തിന് ബാധകമല്ലാത്തതാണ്. സംസ്ഥാനത്തിന് ബാധകമായ ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരം 94% ദൗത്യങ്ങളും സംസ്ഥാനം പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതി സർക്കാർ വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുകയും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒരു വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്. കാലഹരണപ്പെട്ടവയും, ആവർത്തനസ്വഭാവമുള്ളവയുമായ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുക, സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിന് വകുപ്പുകൾ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക, സംരംഭകരുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുക എന്നിവ പരമ പ്രധാനങ്ങളാണ്. വ്യാവസായിക അനുമതികൾ നൽകുന്നതിന് വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇത് വിപുലീകരിച്ച് കൂടുതൽ വകുപ്പുകൾ ഇത്തരത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 1999 ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പരിശോധനകൾ നടത്തുവാൻ വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇവയെല്ലാം നടപ്പാകുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതിയുടെ വേഗം കൂട്ടുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇവയെല്ലാം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ്ങും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ